**കവിത 9**

**<u>ഒരു പൊതിയിൽ..</u>**

**എല്ലാം കടം വാങ്ങേണ്ടി വരും.**

**ആദ്യം**

**ഇത്തിരി കണ്ണുനീര്..**

**കരച്ചിൽ ശീലമായാൽ**

**കണ്ണുനീരാവാൻ**

**കടൽവെള്ളം പോലും**

**തികയാതെ വന്നേക്കാം..**

**കഴുവേറ്റപ്പെട്ട**

**സൂര്യന്റെ ജഡം**

**ചന്ദ്രൻ താഴെയിറക്കുന്നു.**

**പുകക്കൂട്ടം മാനഭംഗം ചെയ്ത**

**നക്ഷത്രങ്ങൾ**

**തെരുവുകളിൽ പിടയുന്നു.**

**ഏതോ മടിശ്ശീലയിൽ**

**പ്രകൃതി കിലുങ്ങുന്നു.**

**പൽച്ചക്രങ്ങൾ**

**കാറ്റിനെ ചവച്ചരച്ച്**

**ശൂന്യതയായി തുപ്പുന്നു.**

യന്ത്രം തലകൊയ്ത

ഗ്രാമത്തിന്റെ ശ്മശാനത്തിൽ

കെട്ടിടപ്പൂച്ചെണ്ട്

അർപ്പിച്ചിട്ടുണ്ടാരോ..

ഘടികാരസൂചികൾക്കിടയിലൂടെ

ചോർന്നൊലിക്കുന്ന സമയം

പെൻഡുലത്തിനുതാഴെ

ഉറഞ്ഞുകൂടിക്കിടക്കുന്നു.

ഒരുപിടി മണ്ണിനായി

വഴിയരികിൽ പ്രാണവായു

ഭിക്ഷ തെണ്ടുകയാണ്.

രക്തമൊഴുകുന്ന ഓടകളിലേയ്ക്ക്

വെളിച്ചമെത്താത്തത്

എന്തുകൊണ്ടാവാം ?

★★★

തേങ്ങലുകൾ ഭൂകമ്പങ്ങളാകുന്നു.

നിലവിളി ഇടിമുഴക്കങ്ങളും.

നിഴൽപോലുമില്ലാത്ത രൂപത്തിൽ

ഒരു ആത്മാവിനെ ചേർക്കണം.

നഷ്ടപ്പെട്ട കുഞ്ഞിനായി

തിരയുന്ന അമ്മയെപ്പോലെ

നഗരക്കണ്ണുകൾ എന്തോ തിരയുന്നു.

പുഞ്ചിരി കാണാൻ,

ഗാനം കേൾക്കാൻ,

സ്നേഹം ശ്വസിക്കാൻ,

സൗഹൃദം രുചിക്കാൻ,

മനുഷ്യനെ സ്പർശിക്കാൻ,

അതു വെമ്പുകയാണ്.

ആ നിലവിളികൾ

നിലനിൽപ്പിനായുള്ള വിളികൾ.

കേൾക്കുക;

പ്രകാശം പൊതിഞ്ഞുനൽകുക.

*– ഗൗതം. പി.വി*